മൽസ്യ കയറ്റുമതിക്കാരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധി

*10 [877] ശ്രീ. സാജു പോൾ:
„ ടി. കെ. ബാലൻ:
„ കെ. രാധാകൃഷ്ണൻ:
„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് മത്സ്യ കയറ്റുമതിക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നുണ്ടോ;

(ബി) മത്സ്യ കയറ്റുമതിക്കാരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ചുണ്ടായ സുപ്രീം കോടതി വിധിയെക്കുറിച്ച് സർക്കാർ പരിശോധിക്കുകയുണ്ടായോ;

(സി) വിധി ക്ഷേമനിധി ബോർഡിന് എതിരാവാൻ ഇടയായ സാഹചര്യം എന്തായിരുന്നു;

(ഡി) കേസ് നടത്തുന്നതിൽ ആരുടെയെല്ലാം ഭാഗത്തുനിന്നാണ് വീഴ്ച ഉണ്ടായത്;

(ഇ) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതിക്കാരുടെ ക്ഷേമനിധി വിഹിതം ഉറപ്പു വരുത്തുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

(എഫ്) ഈ പ്രശ്നത്തിൽ മത്സ്യത്തൊഴിലാളികളുടേയും കുടുംബങ്ങളുടേയും താല്പര്യത്തിനാണോ കയറ്റുമതിക്കാരുടെ താല്പര്യത്തിനാണോ സർക്കാർ മുൻതൂക്കം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) പരിശോധിക്കുകയുണ്ടായി.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ സെക്ഷൻ 4 (2) പ്രകാരം അംശദായം ഈടാക്കാൻ കൃത്യമായ ഒരു തൊഴിലാളി-തൊഴിലുടമ ബന്ധം വേണമെന്നും, മത്സ്യത്തൊഴിലാളികളും, കയറ്റുമതിക്കാരുമായി അങ്ങനെ നേരിട്ടൊരു തൊഴിലാളി-തൊഴിലുടമ ബന്ധം ഇല്ലാ എന്ന കാരണത്താൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ സെക്ഷൻ 4 (2) നിയമാനുസൃതമല്ല എന്ന കാരണത്താലാണ് സുപ്രീംകോടതി ഉത്തരവുണ്ടായത്.

(ഡി) കേസു നടത്തിപ്പിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യ വ്യാപാരികളിൽനിന്നും മത്സ്യ കയറ്റുമതിക്കാരിൽനിന്നും ക്ഷേമനിധി വിഹിതം ഉറപ്പാക്കുന്നതിന് ഒരു പുതിയ സെസ് ആക്ടിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) മത്സ്യത്തൊഴിലാളികളുടേയും കുടുംബങ്ങളുടേയും താല്പര്യത്തിന് തന്നെയാണ് മുൻതൂക്കം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly